**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1797

16/02/2016 ൽ മറുപടിയ്ക്ക്

**അങ്കമാലി നിയോജക മണ്ഡലം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മാമ്പ്രകരയിൽഎരയാംകുടി കരയിൽ കുന്നപ്പിള്ളി വീട്ടിൽ ശാന്ത സുബ്രഹ്മണ്യൻ, തുറവൂർ പഞ്ചായത്തിൽ ആനപ്പാറ കരയിൽ വടക്കുംതല വീട്ടിൽ ജോൺസൺ, പാറക്കടവ് പഞ്ചായത്തിൽ കുറുമശ്ശേറി കരയിൽ പന്തലാക്കൽ വീട്ടിൽ രജിത എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും യഥാക്രമം അൻപതിനായിരം, ഒരു ലക്ഷം, ഒരു ലക്ഷം രൂപ വീതം അനുവദിച്ചുവെങ്കിലും ആയത് ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) യും (ബി) യും<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | |

**സെക്ഷൻ ഓഫീസർ**